(3) മാർക്കറ്റിംഗിന് വേണ്ട സജ്ജീകരണങ്ങളും ചെയ്യുക.

(4) കൈത്തറി വ്യവസായത്തിൽ ഏകീകൃത ദേശീയ വേതന നയം നടപ്പിലാക്കുക.

(ഡി) വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.

(ഇ), (എഫ്) ചോദ്യം വ്യക്തമല്ല.

കൈത്തറിത്തൊഴിലാളികൾക്ക് മിനിമം കൂലി നടപ്പാക്കാൻ നടപടി

215. (219) ശ്രീ.കെ.എ.ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആകെ കൈത്തറികളുടെ എണ്ണമെത്ര;

(ബി) കേരളത്തിലെ കൈത്തറിത്തൊഴിലാളികൾക്ക് മിനിമം കൂലി പ്രഖ്യാപിച്ചെങ്കിലും അത് ഇനിയും നടപ്പിലായില്ല എന്ന് കേൾക്കുന്നത് ശരിയാണോ ;

(സി) കൂടുതൽ ധനസഹായങ്ങളും നല്കി സഹകരണസംഘങ്ങളെ ശക്തമായ അടിത്തറയിൽ പുനഃസംഘടിപ്പിക്കുമോ ;

(ഡി) കൈത്തറിക്കുവേണ്ടി പ്രത്യേക നൂൽത്തരങ്ങളും റിസർവ്വു ചെയ്യുന്ന സംപ്രദായം ഫലപ്രദമായി നടപ്പാക്കുമോ ;

(ഇ) നൂലിന്റെ വിലനിയന്ത്രിച്ച് ഏകീകൃതമായ ഒരു വിതരണ സംപ്രദായം ഉണ്ടാക്കാൻ ഗവൺമെൻറ് പരിശ്രമിക്കുമോ ?

ഉത്തരം

(എ) 90,000 കൈത്തറികളും.

(ബി) ശരിയല്ല.

(സി) അതിനുള്ള പല പദ്ധതികളും നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.

(ഡി) അങ്ങനെ ഒരു സംപ്രദായം നിലവിൽ ഇല്ല.

(ഇ) ഈ കാര്യം ഇൻഡ്യാഗവൺമെൻറ് നടപ്പാക്കേണ്ടതാണ്. ന്യായമായ വിലയ്ക്ക് നൂൽ ലഭിക്കുന്നതിന് കഴിയുന്ന പരിശ്രമം സംസ്ഥാന ഗവൺമെൻറ് ചെയ്യുന്നുണ്ട്.

വില്ലേജ് വ്യവസായ ഇനത്തിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളും

216. (220) ശ്രീ. ടി. കെ. ചന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് വ്യവസായ ഇനത്തിൽ കേരളത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങളും ഗവൺമെൻറ് ആരംഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ പ്രവർത്തനം ആരംഭിച്ചതെത്ര; ആരംഭിക്കുവാൻ ബാക്കിയുള്ളവയെത്ര; ജില്ല തിരിച്ചുള്ള കണക്കെന്ത് ?

ഉത്തരം

(എ) നമ്മുടെ സംസ്ഥാനത്തെ ഗ്രാമവ്യവസായങ്ങളുടെ മേൽനോട്ടം വഹിക്കുന്ന കേരള ഖാദിഗ്രാമവ്യവസായ ബോർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ മൂന്നു പ്രോജക്ടുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെ പറയുന്നവയാണ് പ്രസ്തുത പ്രോജക്റ്റുകൾ

1. തിരുവനന്തപുരം കൊല്ലം ജില്ലകൾ ഉൾപ്പെടുന്ന തിരുവനന്തപുരം പ്രോജക്റ്റ്

2. തൃശ്ശൂർ പ്രോജക്റ്റ്

3. പാലക്കാട് പ്രോജക്റ്റ്

ട്രാൻസ്പോർട്ട് ആഫീസുകളിലേയും ബസ്സ്റ്റാൻഡുകളിലേയും ശോച്യാവസ്ഥയെപ്പറ്റിയുള്ള മലയാളമനോരമയുടെ സർവ്വേ റിപ്പോർട്ട്

217. (226) ശ്രീ. പി. എൻ. പദ്മസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ബസുകളിലെ പ്രയാസകരമായ യാത്രയെപ്പറ്റിയും വിവിധ ട്രാൻസ്പോർട്ട് ആഫീസുകളിലേയും ബസ്സ്റ്റാൻഡുകളിലേയും ശോച്യാവസ്ഥയെപ്പറ്റിയുള്ള മലയാള മനോരമയുടെ സർവ്വെ റിപ്പോർട്ട് ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇന്നത്തെ ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോർപ്പറേഷൻറെ പരിഗണനയിലാണ്.

തിരുവനന്തപുരം—ആറ്റിങ്ങൽ ബസ് സർവ്വീസ്

218. (241) ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം—കിളിമാന്നൂർ—തുമ്പോട് ആറ്റിങ്ങൽ ലൈനിൽ ഒരു ട്രാൻസ്പോർട്ട് ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

വനിതാ കണ്ടക്ടർമാർ

219. (244) ശ്രീ. പി. എൻ. പദ്മസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഡൽഹിയിലും മറ്റും ചെയ്തിട്ടുള്ളതുപോലെ കേരളത്തിലും വനിതാ കണ്ടക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ തൽക്കാലം വനിതാ കണ്ടക്ടർമാരെ നിയമിക്കുന്നതിന് യാതൊരു ഉദ്ദേശവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly